മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത്

ബജറ്റ് 2026-27

ആമുഖ പ്രസംഗം

ബഹുമാന്യയായ വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ സന്നിഹിതരായിട്ടുള്ള ബഹുമാന്യരേ,

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാംപാദം ഉൾപ്പെടുന്ന 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കാൽ നൂറ്റാണ്ട് കാലം കൊണ്ടു നേടിയ അനുഭവപരിചയം,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിക്കാൻ കാരണമായതിനാലാണ് മുൻകാലങ്ങളിൽ അടിക്കടിയുണ്ടായ പ്രകൃതി ദുരന്തങ്ങളേയും മഹാമാരികളേയും അതിസമർത്ഥമായി അതിജീവിക്കാൻ കഴിഞ്ഞത്. വിവിധ വികസന സൂചകങ്ങളിൽ കേരളത്തിന് ദേശീയതലത്തിൽ പ്രഥമസ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന മികവാണ്.

പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്. സുസ്ഥിര വികസനത്തിന്റെയും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെയും പ്രാദേശിക സാമ്പത്തിക വളർച്ചയുടെയും പ്രഭവ കേന്ദ്രമായി നമ്മുടെ ഗ്രാമപഞ്ചായത്തിനെ വികസിപ്പിക്കുക എന്നതാണ് 2026-27 വാർഷിക ബജറ്റിന്റെ പൊതു സമീപനം.

പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പടെയുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനത്തിനും സാമൂഹിക സുരക്ഷ, ദാരിദ്ര്യ ലഘൂകരണം, കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, ഗുണനിലവാരമുള്ള പശ്ചാത്തല സൌകര്യങ്ങൾ, പ്രാദേശിക സാമ്പത്തിക വികസനം,

മാലിന്യ നിർമ്മാർജനം, തൊഴിൽ സൃഷ്ടി, കാർഷിക മേഖലയിൽ പുത്തനുണർവ്വ്, പാൽ, മുട്ട ഉല്പാദനത്തിൽ മുന്നേറ്റം, ആരോഗ്യ സുരക്ഷ, വനിതകൾക്ക് വരുമാനദായകമായ പദ്ധതികൾ തുടങ്ങിയവ പതിനാലാം പഞ്ചവത്സര പദ്ധതി കാലത്തെ അഞ്ചാം ബജറ്റിലൂടെ ലക്ഷ്യമിടുന്നു.

കാലികമായി ഉയർന്നു വരുന്ന വിപുലമായ വികസന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വിഭവലഭ്യതയുടെ പരിമിതിയുണ്ടെങ്കിലും ശേഖരിക്കുവാൻ കഴിയുന്ന പരമാവധി വിഭവങ്ങൾ സമാഹരിക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്യുന്നു. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക തുടങ്ങിയവ മാത്രമാണ് പ്രധാന തനതു വരുമാന സ്രോതസ്. നികുതി സമാഹരണം പഴുതുകളില്ലാതെ കാര്യക്ഷമമാക്കി 2026-27 വർഷം തനത് വരമാനത്തിനൊപ്പം-സംസ്ഥാനവിഹിതമായി-

1) വികസനഫണ്ട്(പൊതുവിഭാഗം) ഇനത്തിൽ	-	3,78,65,000/-
2) വികസനഫണ്ട്(എസ്.സി.പി.)	-	1,69,19,000/-
3) ധനകാര്യ കമ്മീഷൻ വിഹിതം (ബേസിക്)	-	35,53,000/-
4) ധനകാര്യ കമ്മീഷൻ വിഹിതം (റ്റൈഡ്)	-	92,37,741/-
5) മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	-	3,40,25,000/-
6) മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	-	69,41,000/-
7) ജനറൽ പർപ്പസ് ഗ്രാന്റ്	-	2,73,44,000/-

കൃപയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വിഷയമേഖലകളുമായി ഉയർന്നു വന്ന വികസന ആവശ്യങ്ങൾ സമഗ്രവും സൂക്ഷ്മവുമായി പരിശോധിച്ചും ,നോൺ പ്ലാൻ പ്രൊപ്പോസലുകൾ ക്രോഡീകരിച്ചുമാണ് 2026-27 വർഷത്തെ ബജറ്റിൽ വികസന ക്ഷേമ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിരവികസനവും പുരോഗതിയും ലക്ഷ്യമാക്കികൊണ്ട് സമാഹരിക്കുവാൻ കഴിയുന്ന പരമാവധി വിഭവസമാഹരണം നടത്തി പ്രായോഗികവും അനിവാര്യവുമായ പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടുമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ അദ്ധ്യക്ഷയുമായ ബഹുമാന്യയായ വൈസ് പ്രസിഡന്റ് നമ്മുടെ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ്, തയ്യാറാക്കി അവതരിപ്പിക്കുന്നത്. കാര്യക്ഷമമായ ഇടപെടലും കൂട്ടായ പരിശ്രമവും

ഉണ്ടായാൽ ഏതു വികസനവിടവും പരിഹരിക്കുവാൻ നമുക്ക് കഴിയുമെന്ന് മുൻകാലങ്ങളിൽ നാം തെളിയിച്ചിട്ടുണ്ട്.

2026-27 ലെ ബജറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും നിർലോഭമായ സഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
പ്രിയ വിനോദ്
പ്രസിഡന്റ്
മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത്

പല്ലാരിമംഗലം
02/03/2026

ബജറ്റ് കുറിപ്പ്

ബഹുമാന്യരേ,

ഈ ഭരണസമിതിയുടെ ഒന്നാം ധനകാര്യ ബജറ്റ് അവതരണത്തിലേക്ക് കടക്കുകയാണ്, 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാലേക്കൂട്ടിത്തന്നെ ആരംഭിക്കുകയും, പദ്ധതി പദ്ധതിയേതര ചെലവുകളുടെ ആവശ്യകത എല്ലാ സ്ഥാപന മേധാവികളിൽ നിന്നും ശേഖരിയ്ക്കുകയും, ആയത് വിശകലനം ചെയ്ത് 2025-26 ബജറ്റ് കണക്കുകളുടെ നാളിതുവരെയുള്ള പുരോഗതി വിലയിരുത്തി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് നിർദേശങ്ങൾ 26.02.2026 ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ആയത് അംഗീകരിക്കുകയും ചെയ്ത 2026-27 ബജറ്റ് തയ്യാറാക്കുന്നതിനോടൊപ്പം 2025-26 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

2026 ൽ നമ്മുടെ സംസ്ഥാനം ഒരു തിരഞ്ഞെടുപ്പിലേക്ക് പോകുന്ന സാഹചര്യം ഉള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം സമീപ ദിവസങ്ങളിൽ തന്നെ നിലവിൽ വരും. ആയതുകൊണ്ട് തന്നെ തിടുക്കപ്പെട്ട് ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ട സാഹചര്യം നമുക്ക് മുമ്പിൽ ഉണ്ടായി. ഇത് സാധ്യമാക്കി തീർക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകിയ ഭരണസമിതി അംഗങ്ങളെയും, ഉദ്യോഗസ്ഥരെയും, ആസൂത്രണ സമിതി അംഗങ്ങളെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വേണ്ടി പ്രത്യേകമായി അഭിനന്ദനങ്ങൾ അറിയിക്കുന്നു.

2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻഡുകളും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാൻഡ്, ഹെൽത്ത് ഗ്രാൻഡ് എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. പദ്ധതിവിഹിതം ചെലവഴിക്കുന്ന കാര്യത്തിലും, നമ്മുടെ ഗ്രാമപഞ്ചായത്ത് മുൻപന്തിയിലാണ് എന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം പരാമർശിക്കേണ്ടുന്ന വസ്തുതയാണ്. ഉത്പാദന മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. സേവനപ്രദാനസംവിധാനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ ഏറെക്കുറെ പൂർണമായും നടപ്പിലാക്കുന്നതിന് ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. സർക്കാർ അതിന്റെ മുൻഗണനാ മേഖലകളായി

നിശ്ചയിച്ചിട്ടുള്ള അതിദരിദ്രരുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, ശുചിത്വസംവിധാനം എന്നീ അടിസ്ഥാന ആവശ്യങ്ങളും ഗണ്യമായ രീതിയിൽ നിറവേറ്റുന്നതിന് സാധിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ, ജില്ലയിലും സംസ്ഥാനത്തും മാതൃകാപരമായ പദ്ധതികൾ അവതരിപ്പിച്ച് മുന്നോട്ടുപോകുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമായി നിർവഹിക്കുന്നതിനും, കൂടുതൽ സ്ഥലങ്ങളിലേക്ക് വൈദ്യുതിലൈൻ നീട്ടുന്നതിനും, പ്രാദേശികമായ ചെറുകിട കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച്, നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ട്.

അധികാരവികേന്ദ്രീകരണം, ഫലപ്രദമാക്കുന്നതിനായി ആരംഭിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം മൂന്നു പതിറ്റാണ്ടിലേക്ക് കടക്കുന്ന ഈ അവസരത്തിൽ വെല്ലുവിളികളെ നേരിടുന്നതിനും വൈവിധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യുവാനും, നടപ്പാക്കുവാനുമുള്ള ശേഷി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആർജിച്ച് കഴിഞ്ഞു. പോയ കാലങ്ങളെ പോയ സാമ്പത്തിക വർഷങ്ങളിലെ അനുഭവത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കാലത്തിന്റെ പുത്തൻ വെല്ലുവിളികൾ നേരിടുന്നതിനും നമ്മുടെ ഗ്രാമത്തിന്റെ സുസ്ഥിര വികസനവുമാണ് 2026-27 വാർഷിക ബജറ്റ് വിഭാവനം ചെയ്യുന്നത്. സാധ്യമായ എല്ലാ വിഭവസ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങൾ സമാഹരിച്ച്, കാര്യക്ഷമമായി വിനിയോഗിച്ച് വികസന ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് 2026- 27 വർഷത്തെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാന സർക്കാർ പതിനാലാം പഞ്ചവത്സര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ, സവിശേഷവികസന ലക്ഷ്യങ്ങൾ, പൊതുമുൻഗണനകൾ എന്നിവ കണക്കിലെടുത്ത് ഭവന പദ്ധതികൾ അതിദാരിദ്ര്യനിർമ്മാർജ്ജനം, ശുചിത്വമാലിന്യ സംസ്കരണം, ഗ്രാമദാരിദ്രലഘൂകരണ പദ്ധതികൾ, സ്വാന്തനപരിചരണം, ഭൗതിക-സൗകര്യങ്ങളുടെ സൃഷ്ടി, വൈജ്ഞാനികസമൂഹം പട്ടികജാതി, പട്ടികവർഗ്ഗ വികസനം, അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, കാലാവസ്ഥാമാറ്റത്തെ അതിജീവിക്കുന്നതിനുള്ള പദ്ധതികൾ, ഡിജി-കേരളം തുടങ്ങിയവ നമ്മുടെ ബജറ്റിന്റെ പൊതുലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. സമഗ്ര വികസന ഇടപെടലുകളിലൂടെ നമ്മുടെ ജനതയുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും അതുവഴി സംതൃപ്തവും സന്തോഷകരവുമായ ജീവിതത്തിന് അവരെ

പ്രാപ്തരാക്കുകയും ചെയ്യുക എന്നതിന് മുൻഗണന നൽകിയാണ് 2026-27 വർഷത്തെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ 2026-27 വർഷത്തെ വകയിരുത്തലുകൾ പ്രകാരം തെക്കേക്കര ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് (പൊതുവിഭാഗം) ഇനത്തിൽ 3,78,65,000/- (മൂന്ന് കോടി എഴുപത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരം) രൂപയും, വികസന ഫണ്ട് എസ്.സി.പി - 1,69,19,000/- (ഒരു കോടി അറുപത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരം) രൂപയും, ധനകാര്യ കമ്മീഷൻ വിഹിതം (ബേസിക്)- 35,53,00/- (മുപ്പത്തിഅഞ്ച് ലക്ഷത്തി അൻപത്തി മൂവായിരം) രൂപയും, ധനകാര്യ കമ്മീഷൻ വിഹിതം (TIDE) - 92,37,741/- (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തി എഴായിരത്തി എഴുന്നൂറ്റി നാൽപത്തിയൊന്ന്) രൂപയും, മെയിന്റനൻസ് ഗ്രാൻഡ (റോഡ്)- 3,40,25,000/- (മൂന്ന കോടി നാൽപ്പത് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയും, മെയിന്റനൻസ് ഗ്രാൻഡ് (റോഡിതരം)- 69,41,000/- (അറുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ഓരായിരം) രൂപയും, ജനറൽ പർപ്പസ് ഗ്രാൻഡ് - 2,73,44,000/- (രണ്ടു കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി നാലായിരം) രൂപയും ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. മേലിനങ്ങളിൽ മുഴുവൻ തുകയും വകയിരുത്തിയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കൃഷിയും അനുബന്ധ മേഖലകളും

അടിസ്ഥാനപരമായി കാർഷിക മേഖലയായ തെക്കേക്കര ഗ്രാമപഞ്ചായത്ത് അതിന്റെ വികസന ലക്ഷ്യങ്ങളിൽ കൃഷിക്ക് പ്രഥമപരിഗണന നൽകുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഉത്പാദന മേഖലയിൽ കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമീപനമാണ് ഈ ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. നെല്ല്,വാഴ,തെങ്ങ്,വെറ്റില, പച്ചക്കറി, ഇടവിളകൃഷി, മട്ടുപ്പാവകൃഷി, തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ വിഭവങ്ങൾ കൂടി കാർഷിക മേഖലയുടെ വളർച്ചയ്ക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ പാടശേഖരങ്ങളുടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും അതുവഴി നെല്ലുല്പാദന വർദ്ധനവിനും സമഗ്ര വികസനത്തിനുമായി 25 ലക്ഷം രൂപ വകയിരുത്തുന്നു. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി സമഗ്ര കാർഷിക വികസനം ലക്ഷ്യമിട്ട് ഇടവിളകൃഷി വികസനത്തിനായി 12.28 ലക്ഷം രൂപയും,

പച്ചക്കറികൃഷിക്കായി 6 ലക്ഷവും, ഇഞ്ചി-മഞ്ഞൾ കൃഷിക്കായി 3 ലക്ഷവും, ഓണാട്ടുകര കർഷകമിത്ര ജൈവവളത്തിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു. തരിശ്ശു രഹിത പഞ്ചായത്ത് ആക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ബജറ്റ് വിഭാവനം ചെയ്യുന്നു.

'ഞങ്ങളും കൃഷിയിലേക്ക്,' 'കൃഷി സമൃദ്ധി' വനിതകൾക്ക് വാഴവിത്ത് വിതരണത്തിനായി 10 ലക്ഷം രൂപയും, കുറ്റികുരുമുളക് കൃഷിക്ക് ഒരു ലക്ഷം രൂപയും ഓണാട്ടുകരയുടെ പ്രസിദ്ധമായ എള്ളുവിള കൃഷി വികസനത്തിനായി 1,75,000 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയും വകയിരുത്തുന്നു.

തെങ്ങിന്റെ മണ്ട ചീയ്യൽ പരിഹരിക്കുന്നതിന് തെക്കേക്കര കേരരക്ഷ പദ്ധതി 5 ലക്ഷം,തെങ്ങിന് ജൈവ വളത്തിനായി 4.5 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണവും ക്ഷീരവികസനവും

ഓണാട്ടുകരയുടെ കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യഘടകമായ മൃഗസംരക്ഷണ-ക്ഷീരവികസന മേഖല വെല്ലുവിളികൾ നേരിടുകയാണ് കാലാവസ്ഥാ വ്യതിയാനം മൂലം ഉരുക്കൾക്കുണ്ടാകുന്ന രോഗങ്ങളും മറ്റും തീറ്റപുല്ല് ലഭ്യതക്കുറവും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ക്ഷീരമേഖല ഉപജീവനമായി കാണുന്ന കർഷകരെ സഹായിക്കാൻ നാം ബാധ്യസ്ഥരാണ് ക്ഷീരവികസന പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. മൃഗാശുപത്രിയിൽ മരുന്നുവാങ്ങാനായി 2 ലക്ഷം രൂപയും, മുട്ടക്കോഴി വളർത്തൽനായി 1.80 ലക്ഷം രൂപയും പോത്തുകുട്ടി വിതരണത്തിനായി 13.25 ലക്ഷം രൂപയും തെരുവുനായ്ക്കളുടെ വാക്സിനേഷന് രണ്ട് ലക്ഷം രൂപയും വകയിരുത്തുന്നു.

മണ്ണ്, ജലം, പ്രകൃതിസംരക്ഷണം

ഉത്പാദനം വർദ്ധിപ്പിക്കുക, പ്രളയവും വെള്ളപ്പൊക്കവും വരൾച്ചയും ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളുടെ സാധ്യത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നീർത്തട വികസന പദ്ധതികൾ പുനരാരംഭിക്കേണ്ടതുണ്ട്. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും അതോടൊപ്പം ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് അതീവ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക വഴി ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് പ്രൊജക്ട് പ്രത്യേക ഊന്നൽ നൽകുന്നു നൽകുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രതീക്ഷിതവിഹിതമായ

1.5 കോടി രൂപ വകയിരുത്തുന്നു. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറിവരുന്നു. പൊതു കുടിവെള്ള വിതരണ സംവിധാനത്തെ മാത്രം ആശ്രയിച്ച് ഈ പ്രതിസന്ധി മറികടക്കാൻ ആവില്ല. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് ടാങ്കർ വഴി കുടിവെള്ള വിതരണത്തിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. പൊതു കിണറുകളുടെ പുനരുദ്ധാരണത്തിനായി 3 ലക്ഷം രൂപയും കുടിവെള്ള പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ചെറുകിട കുടിവെള്ള പദ്ധതികൾക്ക് തുക വകയിരുത്തും.

പൊതുമരാമത്ത്

പശ്ചാത്തല മേഖലയിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും കലുങ്കുകളുടെയും നടപ്പാതകളുടെയും വികസനത്തിനായി ബജറ്റിൽ തുക നീക്കിവെക്കുന്നു. അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, റോഡുകൾ, നടപ്പാതകൾ എന്നിവയുടെ ടാറിങ്, മെറ്റലിംഗ്, സൈഡ്കെട്ടൽ, റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയവയ്ക്കും ഗണ്യമായ തുകയാണ് ചെലവഴിക്കുന്നത്. പൊതു കെട്ടിടങ്ങളുടെയും തെരുവിളക്കുകളുടെയും മറ്റ് റോഡിതര ആസ്തികളുടേയും സംരക്ഷണത്തിനും തെരുവുവിളക്ക് വൈദ്യുതീകരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകളുടെ പുനരുദ്ധാരണത്തിനും ഓടകൾ നിർമ്മിക്കുന്നതിനും അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് എന്നീ ഇനത്തിലും ഉചിതമായ ഫണ്ട് വകയിരുത്തുന്നു. റോഡ് നവീകരണത്തിനായി 3,40,25000 രൂപയും മറ്റ് ആസ്തികളുടെ പരിപാലനത്തിനായി 69.41 ലക്ഷം രൂപയും വകയിരുത്തുന്നു. തെരുവുവിളക്ക് പരിപാലനത്തിനായി 12 ലക്ഷവും പോസ്റ്റ് മാറ്റി സ്ഥാപിക്കനായി 4 ലക്ഷം രൂപയും വകയിരുത്തുന്നു.സോളാർ ഗ്രാമം പദ്ധതി(സോളാർ സ്ട്രീറ്റ് ലൈറ്റ്,സോളാർ പമ്പ് സെറ്റ് സ്ഥാപിക്കൽ, അംഗൻവാടി,കമ്മ്യൂണിറ്റി സെന്ററുകളിൽ സോളാർ ലൈറ്റ് ,കുറത്തികാട് പൊതു മാർക്കറ്റ് നവീകരണം,ആധുനിക ഫിഷ് മാർക്ക്, കുറത്തികാട് ചാലിന്റെ ഭാഗം ഫാം ടൂറിസം ആരംഭിക്കും.

പട്ടികജാതി വികസനം

ജനകീയ ആസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളിലും ജീവിതരീതിയിലും വലിയ തോതിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വികസന മേഖലയിൽ പ്രത്യേക പരിപാടി തന്നെയാണ് നമ്മൾ ഇത്തവണയും ആവിഷ്കരിച്ചിട്ടുള്ളത്. ഭവന നിർമ്മാണം,ഭവന പുനരുദ്ധാരണം, മെറിറ്റോറിയസ് സ്കോളർഷിപ്പ്, വിവാഹ ധനസഹായം, വൃദ്ധർക്ക് കട്ടിൽ, പാലിന് സബ്സിഡി, കറവപശു വളർത്തൽ എന്നിവ ഇതിൽ എടുത്തു പറയാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും പടിപടിയായി ഉയർത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള സാമൂഹിക സാമ്പത്തിക ഇടപെടലുകളാണ് നടത്തിവരേണ്ടത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 30 ലക്ഷവും ഗാർഹിക കുടിവെള്ള നിർമ്മാണ പദ്ധതിക്ക് 6.5 ലക്ഷവും വകയിരുത്തുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 12.50 ലക്ഷം വകയിരിത്തുന്നു

ശുചിത്വമാലിന്യ സംസ്കരണം

മനുഷ്യ ജീവിതത്തിന്റെ ഭൗതിക പുരോഗതിയുടെ ഉപോൽപ്പന്നമാണ് മാലിന്യങ്ങൾ ജൈവ അജൈവമാലിന്യങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ഹാനികരമായതിനാൽ മാലിന്യനിർമാർജന സംസ്കരണ പ്രവർത്തനങ്ങൾക്ക് ഈ ബജറ്റിൽ പ്രത്യേക പ്രാധാന്യം നൽകുന്നു. ഉറവിട മാലിന്യ സംസ്കരണം ചിട്ടയോടെ നിർവഹിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ, ഈ ഇനത്തിൽ തുക പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപ ഒഴിവാക്കുന്നതിന് നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി വീടുകളിൽ വിതരണം ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഗാർഹിക ബയോ കമ്പോസ് വിന്നിന് 10,88,640 (പത്തുലക്ഷത്തി, എൺപത്തിഎണ്ണായിരത്തി അറുനൂറ്റി നാല്പത്) രൂപ വകയിരുത്തുന്നു. പുത്തൻ കുളങ്ങരയിൽ പുതിയ ഹൈട്ടെക്ക് എം.സി.എഫ്. സ്ഥാപിക്കും.

ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ 35 ലക്ഷം രൂപ വകയിരുത്തി. ആരോഗ്യമേഖലയ്ക്ക് ഈ ബജറ്റ് വലിയ പ്രാധാന്യം നൽകുന്നു. സി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങുന്നതിനായി 2 ലക്ഷവും ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങാൻ 2.5 ലക്ഷവും, ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങാനായി 15 ലക്ഷവും, വയോജന ചികിത്സാ പദ്ധതിക്കായി 6.5 ലക്ഷവും, സ്വാന്തന പരിചരണത്തിന് 5 ലക്ഷവും, വൃക്ക രോഗികളുടെ ഡയാലിസിസ് ധനസഹായമായി 4 ലക്ഷവും വകയിരുത്തുന്നു. കൂടാതെ സ്വാന്തന പരിചരണ രംഗത്ത് കിടപ്പുരോഗികളുടെ പരിചരണത്തിനായി പ്രത്യേക തുകയും വകയിരുത്തിയിട്ടുണ്ട്. ഓക്സിജൻ കോൺടേറ്റർ ,ഫോൾഡിംഗ് കോട്ട് എന്നിവ വാങ്ങൽ.

വിദ്യാഭ്യാസം

കേരളത്തിലെ വിദ്യാഭ്യാസ മേഖല രാജ്യം മുഴുവൻ ഉറ്റുനോക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കാര്യമായി ഇടപെടൽ പഞ്ചായത്ത് നടത്തിവരുന്നു. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണത്തിന് 8 ലക്ഷം രൂപയും, കുട്ടികൾക്ക് കലാപരിശീലനത്തിന് 60,000/- രൂപയും. സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് 50,000/- രൂപയും വകയിരുത്തുന്നു. ഗവൺമെന്റ് സ്കൂളിൽ വർണ്ണ കൂടാരം പത്താംതരം പ്ലസ് വൺ, പ്ലസ് ടു തുല്യതാ കോഴ്സ്, വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്, സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം,ഒന്നാം ക്ലാസ്സ്,പ്രീ പ്രൈമറി വിദ്യാർഥികൾക്ക് സ്റ്റീൽ വാട്ടർബോട്ടിൽ, സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ തുടങ്ങിയ പദ്ധതികൾക്കും പണം വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് AI റോബോട്ടിക്സ് പരിശീലനത്തിന് പണം വകയിരുത്തിയിട്ടുണ്ട്.

തൊഴിൽ

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് കേരള സർക്കാർ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ യുവതി യുവാക്കൾക്ക്, നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിന് ഓറിയന്റേഷൻ കേന്ദ്രവും, നോളജ് സ്കില്ല് ഡെവലപ്മെന്റ് സെന്ററും സ്ഥാപിക്കും. മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ സംരംഭകത്വ യൂണിറ്റുകൾക്ക് സഹായം ലഭ്യമാക്കും. ബ്ലോക്ക്

പഞ്ചായത്തുമായി സഹകരിച്ച് മിനി വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

സാമൂഹിക ക്ഷേമം

സംസ്ഥാന സർക്കാർ നയങ്ങൾക്കനുസൃതമായി വിവിധ ക്ഷേമപദ്ധതികൾക്കാണ് ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കുന്നത്. വയോജനങ്ങൾ, അഗതികൾ, ഭിന്നശേഷിക്കാർ, എന്നിവരുടെ വിവിധ പദ്ധതികൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കൽ, വയോജനങ്ങൾക്ക് കട്ടിൽ, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, പകൽ വീടുകൾക്ക് ഉപകരണങ്ങൾ വാങ്ങലും അനുബന്ധപ്രവർത്തനങ്ങൾ, വയോജന മേള, ബി.ആർ.സി. പ്രവർത്തനങ്ങൾ മാനസിക വെല്ലുവിളി നേരിടുന്ന സ്കൂളിലോ,- ഡേ-കെയറിലോ പോകാത്ത കുട്ടികൾക്ക് ബത്ത നൽകൽ, ഭിന്നശേഷി കലോത്സവം തുടങ്ങിയവയ്ക്ക് ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്.

വനിതാ ശിശുക്ഷേമം

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. ആരോഗ്യം, നിയമം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനും, സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വയം പ്രതിരോധ മാർഗങ്ങൾ പരിശീലിപ്പിക്കുന്നതിനും, കൗമാരക്കാർക്കും സ്ത്രീകൾക്കുമുള്ള പ്രത്യേക ആയുർവേദ പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനും, കുടുംബശ്രീ വനിതകൾക്ക് വരുമാന വർദ്ധനവിനുമായി ബജറ്റിൽ വിവിധ പദ്ധതികളായി പണം വകകരുത്തിയിട്ടുണ്ട്.കുട്ടികളുടെ പാർലമെന്റ് രൂപീകരിക്കും.

കലാസാംസ്കാരികം യുവജനക്ഷേമം

കലാസാംസ്കാരിക യുവജന ക്ഷേമ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കേരളോത്സവം, കായികപരിശീലനം, കായിക ടീമുകളെ വാർത്തെടുക്കൽ, പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ രൂപീകരണം, കളിക്കളങ്ങളുടെ നിർമ്മാണം. സാംസ്കാരിക പരിപാടികളുടെ പ്രോത്സാഹനം, മിനി മാനവീയം തെരുവുകൾ, ഗ്രന്ഥശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും

ലഭ്യമാക്കുന്നതിന് സഹായം നൽകൽ തുടങ്ങിയ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ധനകാര്യവും പൊതുഭരണവും

തെക്കേക്കര ഗ്രാമപഞ്ചായത്ത് നിലവിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ച ഒരു പഞ്ചായത്താണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്. സേവന ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട് ഗ്രാമപഞ്ചായത്ത് ഓഫീസിലൂടെയും, ഘടക സ്ഥാപനങ്ങളിലൂടെയും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ മെച്ചപ്പെട്ട ഗുണമേന്മയിലും സമയബന്ധിതമായും ലഭ്യമാക്കുന്നതിന്. വാർഷിക ബജറ്റ് ലക്ഷ്യമിടുന്നു. ഐ.കെ.എം വിഹിതം അടവാക്കുന്നതിനായി ഒരു ലക്ഷത്തി ഇരുപത്തിമൂവായിരം രൂപയും ടെക്നിക്കൽ അസിസ്റ്റന്റ് വേതനത്തിനായി 5 ലക്ഷം രൂപയും പ്രോജക്ട് അസിസ്റ്റന്റ് വരും വേതനം 4 ലക്ഷം രൂപയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സിക്ക് 2.5 ലക്ഷം രൂപയും വകയിരുത്തുന്നു. പഞ്ചായത്ത് വികസന പദ്ധതികളുടെ ഈ ഡോക്യുമെന്റേഷൻ ബജറ്റിൽ തുക വകയിരുത്തുന്നു. പ്ലാൻ കോഡിനേറ്റർക്ക് വേതനം നൽകുന്നതിനും വാർഷിക ബജറ്റിൽ തുക വകയിൽ എത്തിയിട്ടുണ്ട്.

ഇന്ത്യയിലും കേരളത്തിലും വീടില്ലാത്ത മനുഷ്യർക്ക് ഏറ്റവും അധികം വീടുകൾ വച്ച് നൽകിയ അഭിമാനകരമായ നേട്ടം നമ്മുടെ സർക്കാർ നേടിയ ഘട്ടത്തിലാണ് നാമെത്തി നിൽക്കുന്നത്. ലൈഫ് കേരളത്തിന്റെ കീർത്തി ലോകത്താകെ എത്തിച്ചിട്ടുണ്ട്. ലൈഫ് ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് വീടും ജനറൽ പദ്ധതിക്ക് നാലു കൊടിയും, ലൈഫ് ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് വീടും പദ്ധതിക്ക് 2.4 കോടിയും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് 80 ലക്ഷവും പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകുവാനായി ജനറൽ 5 ലക്ഷവും പട്ടികജാതി 3 ലക്ഷവും അഗതി ആശ്രയ പദ്ധതിക്കായി 9 ലക്ഷം രൂപയും വകയിരുത്തുന്നു.

26.02.2026 കൂടിയ ധനകാര്യ സ്ഥിര സമിതി വിശദമായി ചർച്ചചെയ്ത് ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച വാർഷിക ബജറ്റിന്റെ ബജറ്റ് സ്റ്റെമെന്റ്റ് സംക്ഷിപ്തം അവതരിപ്പിച്ചുകൊണ്ട് ഉപസംഹരിക്കുകയാണ്.

ബജറ്റ് 2026-27 സംക്ഷിപ്തം

പ്രാരംഭ ബാക്കി	3,48,40,849 രൂപ
തനതു വരുമാനം (നികുതി, നികുതിയേതരം)	2,05,39,898 രൂപ
ജനറൽ പർപ്പസ് ഗ്രാന്റ്	2,73,44,000 രൂപ
റവന്യൂ ഗ്രാന്റ് വരവുകൾ	22,41,52,002 രൂപ
മൂലധന വരവുകൾ	8,79,61,700 രൂപ
ആകെ വരവ്	39,48,38,449 രൂപ
റവന്യൂ ചിലവുകൾ	28,38,65,417 രൂപ
മൂലധന ചിലവ്	10,75,86,465 രൂപ
നീക്കി ബാക്കി	33,86,567 രൂപ

ബഹുമാന്യരേ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് സംക്ഷിപ്ത രൂപമാണ് ഞാനിവിടെ പ്രതിപാദിച്ചിട്ടുള്ളത്. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയിട്ടുള്ള ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് എല്ലാ ഭരണസമിതി അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും സഹായസഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ **39,48,38,449/-** രൂപ ആകെ വരവും **39,14,51,882/-** രൂപ ആകെ ചെലവും **33,86,567/-** രൂപ നീക്കി ബാക്കിയുമുള്ള ബജറ്റും അനുബന്ധങ്ങളും ഭരണസമിതി മുമ്പാകെ സമഗ്രമായ ചർച്ചകൾക്കും, ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വേണ്ടി

(ഒപ്പ്)

ജി.വിഷ്ണു

വൈസ് പ്രസിഡന്റ് &

ചെയർമാൻ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്

തെക്കേക്കര

02.03.2026

Mavelikkara Thekkekara Grama Panchayat

Form 1

2026-2027 BUDGET

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-25	2025-26	2026-27
Opening Balance	31047611	43567111	34840849
Revenue Receipt - 1			
Tax Revenues - 110			
1100102 Service Cess u/rule 26	320000	415000	281084
1100107 Property Tax On Residential Buildings	5450000	5560000	6893956
1100108 Property Tax On Non-Residential Buildings	3120000	3240000	2934382
1101001 Profession Tax – Employees	950000	2300000	1300000
1101002 Profession Tax - Traders/ Institutions	560000	750000	866250
1108099 Other Taxes	0	0	1700000
Total Tax Revenues	10400000	12265000	13975672

Fees and User Charges - 140

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-25	2025-26	2026-27
1401001 Private Hospital & Paramedical Institutions Registration Fee	10000	11000	11000
1401101 License Fees for IFTEOS	350000	400000	400000
1401106 License Fees for Domestic Dogs	0	0	5000
1401201 Fees for Construction of Buildings	3500000	3700000	3700000
1401203 Permit Application fee	441936	0	726915
1401399 Fees for Other Certificates or Extracts	25000	27500	27500
1401701 Regularization Fees	0	0	587191
1401801 Application Fee	0	0	79920
1402003 Other Penalities and Fines	333870	400000	400000
1404099 Other Fees	120609	400000	400000

1405099 Other User Charges	30000	165000	165000
1408001 Other Charges	0	33000	33000
Total Fees and User Charges	4811415	5136500	6535526

Sale and Hire Charges - 150

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-25	2025-26	2026-27
1501001 Receipts from Sale of Agricultural Products	100000	125000	125000
1501101 Receipts from Sale of Forms	60000	65000	65000
1501201 Receipts from Sale of Stores	75000	85000	85000
1503001 Receipts from Miscellaneous Sales	10000	12000	12000
1504002 Hire Charges for Vehicles (Others)	0	0	0
Total Sale and Hire Charges	245000	287000	287000

Revenue Grants, Contributions and Subsidies - 160

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-25	2025-26	2026-27

1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers	0	8140800	8140800
1601012 Fund for Transferred Functions/ Schemes - Widow Pension	0	20513700	20513700
1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50	0	1000800	1000800
1601014 Fund for Transferred Functions/ Schemes - Pension for Differentially Abled	0	5577400	5577400
1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage	0	30000	60000
1601018 Fund for Transferred Functions/ Schemes - Old Age Pension	0	49015700	49015700
1601023 General Purpose Fund	0	22616400	22616400
Total Revenue Grants, Contributions and Subsidies	0	106894800	106924800

Income from Investments - 170

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-20256	2026-2027
1701001 Interest on Investments	800000	800000	800000
Total Income from Investments	800000	800000	800000
Head of Accounts	**Actuals for the Previous Year**	**Budget for the Current Year**	**Budget for the Next Year**
	2024-2025	2025-20256	2026-2027
Interest Earned - 171			
1711001 Interest from Bank Accounts	1700000	1800000	1800000

Total Interest Earned	1700000	1800000	1800000

Other Income - 180

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
1803001 Profit on Disposal of Fixed Assets	235000	235000	235000
Total Other Income	235000	235000	235000

Rental Income - LB Properties - 130

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
1301001 Rent from Town Hall	450000	495000	0
1301003 Rent from Shopping Complex	450000	0	495000
1301009 Rent from Auditorium and Halls	60000	65000	65000
Total Rental Income	960000	560000	560000
Total Revenue Receipt	117008200	128008300	131117998

Capital Receipt - 2

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
Grants, Contribution for Specific Purposes - 320			
3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres	8066392	197000	19700

3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs	20000000	627688	627688
3201004 Central Finance Commission Grant - Tied	277500	9237741	9237741
3201005 Central Finance Commission Grant - Untied	3825836	2697186	2697186
3201020 Intergrated Child Development Service	1000000	1000000	1000000
3201035 Total Sanitation Campaign	12963448	12963448	12963448
3201044 Mahatma Gandhi National Rural Employment Scheme (MGNREGS)	27000000	15000000	15000000
3202001 Development Fund - General	24991000	24991000	37865000
3202002 Development Fund - Special Component Plan	15163000	15163000	16919000
3202009 Maintenance Fund - Road Assets	30368519	30368519	34025000
3202010 Maintenance Fund - Non-Road Assets	6890543	6890543	6941000
3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission	28337206	28337206	28337206
3205001 Grant from Welfare Bodies	1250000	1250000	1250000
3208010 Beneficiary Contribution	3669710	3669710	3669710
3208099 Other Grants & Contributions for Specific Purpose	0	0	0
3209001 Contribution to Joint Venture Projects from District Panchayat	20850000	20850000	20850000
3209002 Contribution to Joint Venture Projects from Block Panchayat	19870000	19870000	19870000
Total Grants, Contribution for Specific Purposes	224523154	193113041	211272679

Secured Loans - 330

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
3305004 Loan from HUDCO	30000000	57879709	57879709
Total Secured Loans	30000000	57879709	57879709

Other Liabilities - 350

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
3502022 Recoveries Payable -Medisep -Regular	0	7000	0
Total Other Liabilities	0	7000	0

Loans, Advances and Deposits - 460

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
4605005 Advance to Mahatma Gandhi NREGS/ AUEGS	10492286	1300000	1300000
Total Loans, Advances and Deposits	10492286	1300000	1300000
Total Capital Receipt	20984572	252299750	224152002

Revenue Expenditure - 3

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
Establishment Expenses - 210			
2101001 Salaries -Secretary	1300000	1300000	1500000
2101003 Salaries - Permanent Staff	8500000	8500000	9000000
2101101 Wages	1700000	1700000	1800000
2101201 Bonus	20000	20000	50000
2101401 Honourarium	800000	800000	800000
2102001 Travelling Allowances - Secretary	20000	20000	20000
2102003 Travelling Allowances - Permanent Staff	130000	130000	130000
2102004 Travelling Allowances - Temporary Staff	20000	20000	20000

2102014 Monthly Honorarium and Sitting Allowance -Councillors/ Members	2500000	2500000	2500000
2102016 Other Benefits and Allowances	400000	400000	400000
2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members	100000	100000	100000
2103001 Employer's Contribution to Pension Fund - Regular Employees	1300000	1300000	1300000
2104001 Terminal Leave Surrender	0	582275	0
Total Establishment Expenses	16790000	17372275	17620000

Administrative Expenses - 220

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2201001 Rent of Buildings	52400	62400	62400
2201002 Land Tax/ Basic Tax	20000	30000	62400
2201003 Other Taxes/ Duties	10000	20000	20000
2201101 Office Electricity Expenses	400000	500000	50000
2201102 Water Charges - Office	50000	50000	50000
2201299 Miscellaneous Communication Expenses	310000	310000	400000
2202001 Books & Periodicals	75000	75000	76000
2202101 Printing & Stationery	325000	325000	400000
2204001 Insurance	40000	40000	40000
2205101 Miscellaneous Legal Expenses	100000	100000	100000
2205201 Professional & Other Fees	65000	65000	65000
2206001 Newspaper Advertisement Charges	50000	50000	50000
2206101 Membership & Subscriptions	30000	30000	30000
2208099 Miscellaneous Administration Expenses	1010000	1010000	1010000
2302001 Water Charges - Street Tap	1300000	1300000	1300000

Total Administrative Expenses	3837400	3967400	3715800

Operation and Maintenance - 230

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2301001 Electricity Charges for Street Lights	1400000	1500000	1500000
2301002 Fuel Charges	350000	350000	400000
2301003 Electricity Charges of Other Buildings of LB	400000	500000	500000
2304001 Vehicle Hire Charges	130000	150000	150000
2305301 Repairs & Maintenance - Vehicles	400000	400000	400000
2305909 Other Repairs & Maintenance	1400000	1400000	1400000
2308009 Registration Of Vehicles	20000	20000	20000
2308010 Extra - ordinary Expenses	80000	80000	100000
2308013 Sanitation Expenses	754000	774000	800000
2308201 Refreshment Charges	500000	500000	600000
Total Operation and Maintenance	5434000	5674000	5870000

Interest and Finance Charges - 240

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2407001 Bank Charges	10000	10000	10000
2408001 Other Finance Expenses	1420000	1420000	1420000
Total Interest and Finance Charges	1430000	1430000	1430000

Programe Expenses - 250

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027

2502001 Expenditure on Poverty Eradication Program	27000000	15000000	15000000
Total Programe Expenses	27000000	15000000	15000000

Expenses Related to Productive Sector - 251

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2510101 Agriculture - Paddy	3900000	4100000	4100000
2510102 Agriculture - Coconut	603333	603333	603333
2510104 Agriculture - Vegetables	934000	1034000	1034000
2510105 Agriculture - Plaintane	950000	950000	950000
2510106 Agriculture - Tubercrops	980000	980000	980000
2510107 Agriculture - Fruits and Fruit Trees	268500	268500	268500
2510111 Agriculture - Ginger	200000	200000	200000
2510112 Agriculture - Pepper	135000	135000	135000
2510113 Agriculture - Betel	100000	100000	100000
2510124 Agriculture - Intercropping	1000000	1000000	1000000
2510125 Agriculture - Sesame and Oil Seeds	200000	200000	200000
2510131 Agriculture Development - Infrastructure Facilities	753847	753847	753847
2510201 Animal Husbandry - Cow	1787500	1987500	1987500
2510204 Animal Husbandry - Calf	3494000	3594000	3594000
2510209 Animal Husbandry - Infrastructure	200000	200000	200000
2510210 Animal Husbandry - Disease Control	2175000	2375000	2375000
2510215 Protection of Animals	249950	249950	249950
2510305 Dairy Development - Milk Incentives	2770000	2870000	2870000
2510601 Small scale industries and Micro enterprises	156000	156000	156000
2510802 Water Conservation	865000	865000	865000
2510804 Environment Conservation	200000	200000	200000
Total Expenses Related to Productive Sector	21922130	22822130	22822130

Expenses Related to Service Sector - 252

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2520102 Primary Education	1100000	1100000	1100000
2520107 Education-Related Activities	200000	200000	200000
2520109 Encourage Excellence of SC/ ST	3200000	3200000	3200000
2520111 Contribution towards SSA	1164000	1164000	1164000
2520202 Literacy Equivalance Examination	50000	50000	50000
2520303 Reading Rooms ,Libraries - Periodicals	50000	50000	50000
2520502 Arts,Culture,Sports and Youth Welfare-Infrastructure	300000	300000	300000
2520503 Arts,Culture,Sports and Youth Welfare-Promotion	555000	555000	555000
2520618 Medical Institution - Allopathy	3294914	3294914	3294914
2520619 Medical Institution - Ayurvedic	1600000	1600000	1600000
2520620 Medical Institution - Homoeo	600000	600000	600000
2520701 Drinking Water - Individual	1943348	1943348	1943348
2520702 Drinking Water - Public	200000	200000	200000
2520801 Housing & House Electrification - Individual	129821558	129821558	129821558
2520902 Child Welfare Program	250000	250000	250000
2520903 Women Welfare	1200000	1200000	1200000
2520904 Welfare of the Aged	1079310	1079310	1079310
2520905 Welfare Programs for the Destitute	1036000	1036000	1036000
2520906 Welfare Programs for Physically/ Mentally Challenged	2240500	2240500	2240500
2520908 Social Security Programme	2728000	2728000	2728000
2521001 Anganwadi Nutrition	1929135	1929135	1929135
2521102 Anganwadi Related Services	30000	30000	30000
2521201 Vocational Capacity Building - Vocational Training	550000	550000	550000
2521402 Electricity Line - Transformer - Voltage Improvement	400000	400000	400000
2521501 Tourism Infrastructure	150000	150000	150000
2521601 Local Government Service Delivery Improvement	2847294	2847294	2847294

2521602 Payments to IKM	108000	108000	108000
2521701 Allied Institution Service Delivery Improvement	340188	340188	340188
2521903 Public Sanitation - Related Activities	4996549	4996549	4996549
2521904 Toilet (Individual)	1668000	1668000	1668000
2521906 Toilet (Public/Community Level)	150000	150000	150000
2522001 Plan Formulation, Implementation and Monitoring	745000	745000	745000
2522201 Disaster Management - Related Services	70000	70000	70000
2522305 Solid Waste Management - Collection and Transportation	1175000	1175000	1175000
2522309 Solid Waste Management - Related Activities	127200	127200	127200
2522310 Solid Waste Management - Disposal	300000	300000	300000
2522314 Solid Waste Management - Processing Individual	860000	860000	860000
2523101 Menstruel Hygiene	500000	500000	500000
2523201 Information and Knowledge Dissemination Capacity Developme	185000	185000	185000
Total Expenses Related to Service Sector	169743996	169743996	169743996

Expenses Related to Infrastructure Sector - 253

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2530101 Street Lights	8978669	9078669	9078669
2530102 Office Electrification	800000	800000	800000
2530201 Roads	831642	831642	831642
2530301 Public Buildings - Local Government Office Building	700000	700000	700000
2530302 Public Buildings - Other Buildings	2772940	2872940	2872940
2530501 Vehicle Rent for Engineering Wing	642000	642000	642000
Total Expenses Related to Infrastructure Sector	14725251	14925251	14925251

Expenses related to State Sponsored Schemes - 254

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year

	2024-2025	2025-2026	2026-2027
2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension	0	20513700	20513700
2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50	0	1000800	1000800
2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled	0	5577400	5577400
2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage	0	30000	30000
2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension	0	49015700	49015700
Total Expenses related to State Sponsored Schemes	0	76137600	76137600

Revenue Grants, Cotributions and Subsidies - 260

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2601005 Financial Assistance from Distress Relief Fund	200000	200000	200000
2601010 Grants, Contributions And Compensations From Own Fund-Grants To Nilathezhuthu Asans	50000	50000	50000
2602101 Keralotsavam - Expenses	150000	150000	150000
Total Revenue Grants, Cotributions and Subsidies	400000	400000	400000

Prior Period Items - 280

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
2808001 Prior Period Expenses	1100000	1100000	1100000
Total Prior Period Items	1100000	1100000	1100000
Total Revenue Expenditure	328572652	328572652	43635800

Capital Expenditure - 4

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
Grants, Contribution for Specific Purposes - 320			
3201044 Mahatma Gandhi National Rural Employment Scheme (MGNREC	27000000	15000000	15000000
Total Grants, Contribution for Specific Purposes	27000000	15000000	15000000

Refund of Deposits - 340

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
3401003 Retention	100000	130000	150000
3402006 Election Deposit(Candidate)	0	117000	0
Total Refund of Deposits	100000	247000	150000

Payment of Recoveries - 350

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
3501102 Net Salary Payable	1200000	1200000	1200000
3501116 Pension Contribution Payable	51434	51434	51434
3501122 Leave Salary Payable	500000	500000	500000
3501301 Employers Liabilities - Pension Contribution (NPS)	25660	25660	25660
3502001 Recoveries Payable - General Provident Fund	20000	20000	20000
3502002 Recoveries Payable - Kerala Panchayat Employees Provident Fur	65750	65750	65750
3502003 Recoveries Payable - Subscription to Provident Fund for Municip	8800	8800	8800
3502006 Recoveries Payable - Insurance Premium	7472	7472	7472
3502008 Recoveries Payable - Co-operative Recovery	30000	30000	30000

3502012 Recoveries Payable - State Life Insurance	12400	12400	12400
3502014 Recoveries Payable - Group Insurance	22600	22600	22600
3502020 Recoveries Payable - Employee Share NPS	25660	25660	25660
3502022 Recoveries Payable -Medisep -Regular	7000	7000	7000
3503008 Government and Other Dues Payable - CGST	15339	15339	15339
3503009 Government and Other Dues Payable - SGST	15339	15339	15339
3504003 Refund Payable - Service Cess	464574	464574	464574
3508001 Liability in respect of Stale Cheque	75459	75459	75459
Total Payment of Recoveries	2547487	2547487	2547487

Fixed Assets - 410

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
4101001 Land	1800000	1800000	1800000
4102001 Buildings - Crematorium	1000000	1000000	1000000
4102002 Administrative Buildings	150000	150000	150000
4102005 Hospital Buildings	150000	150000	150000
4102008 School Buildings	844477	844477	844477
4102011 Public Comfort Stations	2595042	2595042	2595042
4102016 Other Buildings	3119890	3119890	3119890
4102017 Compound Wall	200000	200000	200000
4102018 Stadium	500000	500000	500000
4103001 Concrete Roads	2436000	2436000	2436000
4103002 Black Topped Roads	28261289	28261289	28261289
4103006 Mud Roads	2100000	2100000	2100000
4103012 Side Walls	950000	950000	950000
4103099 Other Constructions	2420000	2420000	2420000
4103102 Drainage	2482230	2482230	2482230
4104001 Plant & Machinery	951276	951276	951276

4105001 Vehicles	1300000	1300000	1300000
4106002 Computers, Printers & Peripherals	375000	375000	375000
4107001 Furniture, Fixtures, Fittings & Electrical Appliances	45000	45000	45000
4108001 Other Fixed Assets	2396000	2396000	2396000
Total Fixed Assets	54076204	54076204	105973032

Stock in Hand - 430

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
4301002 Purchase of Material - Stores	1914800	1914800	1914800
Total Stock in Hand	1914800	1914800	1914800

Loans, Advances and Deposits - 460

Head of Accounts	Actuals for the Previous Year	Budget for the Current Year	Budget for the Next Year
	2024-2025	2025-2026	2026-2027
4601001 Festival Advance to Employees	192000	192000	192000
4605003 Advance to Implementing Officers	50000	50000	50000
4605004 Temporary Advances for Official Purposes	105000	105000	105000
4605005 Advance to Mahatma Gandhi NREGS/ AUEGS	1099216	1099216	1300000
TOTAL	1446216	1446216	1647000
Total Receipts	**412211312**	**432312344**	**390110849**
Total Expenditure	**408626800**	**428838880**	**386724282**
Balance	**3584512**	**3473464**	**3386567**